***VERY URGENT***
***Time Limit***

നമ്പർ.ഇഎ1/15902/2010/എച്ച്.ആർ.ഡി                                        തീയതി, 27.12.2019

# പരിപത്രം

**വിഷയം :-** ഐ. എച്ച്. ആർ. ഡി.- ഗ്രൂപ്പ് പേർസണൽ അപകട ഇൻഷ്വറൻസ് പദ്ധതി, 2019 - എസ്.എൽ. ഐ/ജി.ഐ.എസ്. പദ്ധതികളിൽ അംഗത്വം എടുക്കുന്നത് സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**സൂചന :-**
1. 25.11.2019-ാം തീയതിയിലെ ഇതേ നമ്പർ ഇണ്ടാസ്
2. 28.11.2019-ാം തീയതിയിലെ ഇതേ നമ്പർ പരിപത്രം
3. 30.05.2019-ാം തീയതിയിലെ സർക്കാർ സർക്കുലർ നമ്പർ 57/2019/ധന
4. 06.09.2011-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) 381/2011/ധന

സൂചനയിലെ ഇണ്ടാസ് പ്രകാരം 2020 വർഷത്തെ ഗ്രൂപ്പ് പേർസണൽ അപകട ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക അടയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രീമിയം തുകയുടെ 18% ജി.എസ്.ടി ഇനത്തിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നതു സംബന്ധിച്ചും സൂചന രണ്ടിലെ പരിപത്രം പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന മൂന്നിലെ സർക്കാർ സർക്കുലർ പ്രകാരം 50 വയസ്സിനു താഴെ പ്രായം ഉള്ള ജീവനക്കാർക്ക് എസ്.എൽ.ഐ/ജി.ഐ.എസ് പദ്ധതികളിൽ അംഗത്വം ഉണ്ടെങ്കിൽ മാത്രമേ ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം നേടാൻ സാധിക്കുകയുള്ളു.

ആയതിനാൽ സൂചനയിലെ സർക്കാർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കു വിധേയമായി അതാത് ജില്ലകളിലെ ബന്ധപ്പെട്ട ഇൻഷ്വറൻസ് ഓഫീസുമായി ബന്ധപ്പെട്ട് 50 വയസ്സിനു താഴെ പ്രായം ഉള്ള സ്ഥിരം ജീവനക്കാർക്ക് എസ്.എൽ.ഐ/ജി.ഐ.എസ് പദ്ധതികളിൽ 2020 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിൽ അംഗത്വം നേടുവാനുള്ള നടപടികൾ അതാത് സ്ഥാപനമേധാവികൾ സ്വീകരിക്കേണ്ടതും ആയത് ഹെഡ് ഓഫീസിൽ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നടപടികൾ അതാത് സ്ഥാപനമേധാവികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഗ്രൂപ്പ് പേഴ്സണൽ

അപകട ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം 31.12.2019-നകം അടയ്ക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു.

ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും പരിപത്രങ്ങളും ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു കൂടി അറിയിക്കുന്നു.

**ഒപ്പ്**
**ഡോ.പി.സുരേഷ് കുമാർ**
**ഡയറക്ടർ**

പകർപ്പ്: -

1. **എല്ലാ സ്ഥാപനമേധാവികൾക്കും**
2. **അഡീഷണൽ ഡയറക്ടർ**
3. **അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
4. **ഫിനാൻസ് ഓഫീസർ (ഉചിതമായ നടപടികൾക്ക്)**
5. **ഫിനാൻസ് ബി സെക്ഷൻ**
6. **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**
7. **സി.എ 1**
8. **കരുതൽ ഫയൽ**
9. **ഓഫീസ് പകർപ്പ്**

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

*Re1.27.12.2019*